Page 1 of 1

കഴിവുകൾ കുട്ടികാർക്കുമുന്നിൽ പ്രദർശിപ്പിക്കുന്നതിനുമുള്ള മ്യൂസിക് സിസ്റ്റം സ്ഥാപിക്കൽ, ശിശുസൗഹൃദവും ആകർഷകമായ നിറങ്ങളോടുകൂടിയതുമായ ഫർണിച്ചറുകൾ, ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള, ശിശുസൗഹൃദ ടോയ്‌ലറ്റ്, വാഷ്ഏര്യ നിർമ്മിക്കൽ, ഔട്ട്ഡോർ കളിയുപകരണങ്ങൾ സ്ഥാപിക്കൽ, ഫല വൃക്ഷതൈകളുടെ നടീൽ, വെർട്ടിക്കൽ ഗാർഡൻ സ്ഥാപിക്കൽ എന്നിവ സജ്ജീക രിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

2022 മാർച്ച് 31-ന് മുമ്പായി പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകൾ

291 (5016) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഡോ. ടി. കെ. ആനന്ദിയുടെ നേതൃത്വത്തിൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശ പ്രകാരം സൂപ്പർവൈസർമാരുടെ ചുമതല ഇരുപത് അങ്കണവാടികൾക്ക് ഒന്ന് എന്ന നിലയിലായതിനാൽ പ്രസ്തുത ശിപാർശ കണക്കി ലെടുത്ത് പുതിയ സൂപ്പർവൈസർ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഡോ. ടി. കെ. ആനന്ദിയുടെ നേതൃത്വത്തിൽ ഇത്തരത്തിലൊരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ച് ഉത്തരവ് നൽകിയിട്ടില്ല. നിലവിലെ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് 25 അങ്കണവാടികൾക്ക് ഒരു സൂപ്പർവൈസർ എന്ന ക്രമമനു സരിച്ചാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക സംസ്ഥാനത്ത് അനുവദി ച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിയ്ക്കുമ്പോൾ കേരളത്തിൽ ഇപ്പോൾ അനുവദിയ്ക്കപ്പെട്ടിട്ടുള്ള 33115 അങ്കണവാടികൾക്കായി 1327 സൂപ്പർവൈസർ തസ്തിക പര്യാപ്തമാണ്. ആയതിനാൽ വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിയ്ക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

മോഡൽ അങ്കണവാടി

292 (5017) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടിയെ മോഡൽ അങ്കണവാടിയാക്കുന്നതിനായുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly